വികസിപ്പിക്കുന്നതിനുമായി കേന്ദ്ര സർക്കാരിന്റെകൂടി സഹായത്തോടെ മൊത്തം 52.25 കോടി രൂപയുടെ ആലപ്പുഴ കായലോര ടൂറിസം വികസന പദ്ധതി ആരംഭിച്ചിട്ടുണ്ട്. കായംകുളം മുതൽ അരൂക്കുറ്റി വരെയുള്ള കായൽ ശൃംഖലയിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ വടായിക്കനാൽ, വാണിജ്യകനാൽ ഭാഗം എന്നിവയുടെ പുനർനിർമ്മാണം, ചരിത്ര പൈതൃക തെരുവുകൾ, കനാലുകൾ എന്നിവയുടെ പുനരുദ്ധാരണം, അരൂക്കുറ്റി, തണ്ണീർമുക്കം, പുന്നമട, പള്ളാത്തുരുത്തി, നെടുമുടി, കുഞ്ഞിപ്പാടം, തോട്ടപ്പള്ളി, കായംകുളം എന്നിവിടങ്ങളിലെ ബോട്ട് ടെർമിനൽ വട്ടക്കായൽ, കുമാടി, വിളക്കുമാടം, എന്നിവിടങ്ങളിൽ നൈറ്റ് ഹാൾട്ട് സെന്ററുകൾ, വയ്യാങ്കര, പാണ്ടി, തഴപ്പ്, കുതിരവട്ടം ചിറ, എന്നിവിടങ്ങളിലെ ഉപ ടൂറിസ്റ്റ് കേന്ദ്രങ്ങൾ, അർത്തുങ്കൽ, തോട്ടപ്പള്ളി ബീച്ചുകളുടെ വികസനം തുടങ്ങിയ സൗകര്യങ്ങൾ/പ്രവൃത്തികൾ ഒരുക്കിയിട്ടുണ്ട്. കുമരകം ബാക്ക് വാട്ടർ ഡെസ്റ്റിനേഷൻ വികസനത്തിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾക്ക് അംഗീകാരം നൽകി നടപ്പിലാക്കിവരുന്നു.

1. കുമരകം കൾച്ചറൽ സെന്ററിന്റെ വികസനം
2. കുമരകം ഡെസ്റ്റിനേഷൻ വികസനം
3. കുമരകത്തിന്റെ മാലിന്യ നിർമ്മാർജ്ജന പദ്ധതി
4. കുമരകത്തെ അടിസ്ഥാന സൗകര്യ വികസനം.

ധർമ്മടം മണ്ഡലത്തിൽ ഉണ്ടായിട്ടുള്ള വികസനപദ്ധതികൾ

324(1025) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ധർമ്മടം നിയോജക മണ്ഡലത്തിൽ പൂർത്തീകരിച്ചിട്ടുള്ളതും ആരംഭിച്ചിട്ടുള്ളതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയും ഏതൊക്കെ ഘട്ടത്തിലാണെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly